# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 2419

17/08/2017 -ൽ മറുപടിയ്ക്ക്.

## കേരളത്തിന് ആവശ്യമായ പാൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.അബ്ദുറഹിമാൻ | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ കേരളത്തിന് ആവശ്യമായ പാൽ ഉല്പാദിപ്പിക്കാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ എത്ര ശതമാനമാണ് പുറത്ത് നിന്ന് കണ്ടെത്തേണ്ടി വരുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ കേരളത്തിന് ആവശ്യമായ പാലുല്പാദിപ്പിക്കുന്നതിന് കഴിയുന്നില്ല.<br><br>ഏകദേശം 20% മുതൽ 25% വരെ പാൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാൽ ഉല്പാദന മേഖലയിൽ കൈവരിച്ച വളർച്ച വ്യക്തമാക്കാമോ ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരോല്പാദന മേഖലയിൽ നിരവധി വികസന പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഫലമായി മിൽമ, മുൻവർഷം ഇതേ കാലയളവിൽ 2.5 മുതൽ 3 ലക്ഷം ലിറ്റർപാൽ പ്രതിദിനം ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്നിരുന്ന സ്ഥാനത്ത് 2017 ജൂലൈയിൽ ആകെ 1.5 ലക്ഷം ലിറ്റർ പാലാണ് കൊണ്ടുവന്നത്. ഏകദേശം 10 ശതമാനത്തിന്റെ വളർച്ച ഈ കാലയളവിൽ ഉണ്ടായി. |
| (സി) | ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമായി നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമായി ക്ഷീരവികസന വകുപ്പ് പ്രധാനമായും താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.<br>1. മിൽക്ക് ഷെഡ് വികസന പദ്ധതി പ്രകാരം ഡയറി യൂണിറ്റുകൾ |

സ്ഥാപിക്കുന്നതിനും ക്ഷീരകർഷകർക്ക് അവശ്യാധിഷ്ഠിത ധനസഹായവും കറവയന്ത്രം വാങ്ങുന്നതിനും തൊഴുത്ത് നിർമ്മിക്കുന്നതിനും സഹായങ്ങൾ നൽകി വരുന്നു.

2. തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് കർഷകർക്ക് ഒരു ഹെക്ടറിന് 20,000/- രൂപ വരെ ധനസഹായം നൽകുകയും കൂടാതെ തരിശു സ്ഥല ങ്ങൾ കണ്ടെത്തി ക്ഷീര സഹകരണ സംഘങ്ങൾക്കും സ്വാശ്രയ ഗ്രൂപ്പുകൾ ക്കും പുൽകൃഷി ചെയ്യുന്നതിന് ധന സഹായം നൽകി വരുന്നു.

3. ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലി ന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതി നില വിലുണ്ട്. കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വിനിയോഗിച്ച് ക്ഷീരകർഷ കർക്ക് ഒരു ലിറ്റർ പാലിന് 4 രൂപ വരെ ഇൻസെന്റീവ് നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

4. ക്ഷീര കർഷക ക്ഷേമനിധി മുഖാന്തിരം പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, ചികിൽസാധന സഹായം, മരണാനന്തര ധന സഹായം വിദ്യാഭ്യാസ സ്കോളർഷിപ്പ് തുടങ്ങിയവ നൽകി വരുന്നു.

5) ക്ഷീര സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യ- മാക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും സഹായ കരമായ പദ്ധതികളും നടപ്പിലാക്കി വരുന്നു.

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരകർഷകരെ പ്രോൽസാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**മലബാർ മേഖലാ യൂണിയൻ**

1) കിടാരി സംരക്ഷണ പദ്ധതി

2) നിലമ്പൂർ, അട്ടപ്പാടി, പട്ടാമ്പി, കോട്ടക്കൽ എന്നീ സ്ഥലങ്ങളിലെ കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾക്ക് മിൽമയുടെ ഫണ്ടുപയോഗിച്ച് റിവോൾവിംഗ് ഫണ്ട് നൽകി.

3) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ പശുക്കളെ വിതരണം ചെയ്യുന്ന പദ്ധതി .

4) പച്ചപ്പുല്ലും, മറ്റു ഉൽപാദനോപാധികളും മിൽമ വക സബ്സിഡിയോടെ കർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതി

5) "ഫാം സപ്പോർട്ട് പദ്ധതി" വഴി ഡയറി ഫാമുകൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്നു.

**തിരുവനന്തപുരം മേഖലാ യൂണിയൻ**

1) കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി
2) മിനി ഡയറി പദ്ധതി
3) കാലിത്തൊഴുത്ത് നവീകരണം
4) ആട്ടോമാറ്റിക് മിൽക്കിംഗ് മെഷീൻ
5) അകിടുരോഗ നിർമ്മാർജനം
6) ക്ഷീരസംഘം ജീവനക്കാർക്കായുള്ള ഇൻസെന്റീവ്

**എറണാകുളം മേഖലാ യൂണിയൻ**

1. ഉൽപാദകർക്ക് വേനൽക്കാല ഇൻസെന്റീവ്
2. പ്രതിദിനം 50 ലിറ്ററിൽ കൂടുതൽ പാൽ സംഘത്തിന് നൽകുന്ന ക്ഷീര കർഷകർക്ക് ലിറ്ററിന് 50 പൈസ നിരക്കിൽ ഫാം ഇൻസെന്റീവ്
3) ബാങ്ക് വായ്പ എടുത്ത് പശുക്കളെ വാങ്ങുന്ന കർഷകർക്ക് പശു ഒന്നിന്

2000/- രൂപ നിരക്കിൽ ഒരു കർഷകന് 4 പശുക്കൾക്ക് വരെ പലിശ സബ്സിഡി നൽകുന്നുണ്ട്.

4) ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ പശുക്കളെ മാസ്റ്റർ പോളിസിക്ക് കീഴിൽ ഇൻഷ്വർ ചെയ്യുന്ന പദ്ധതി

5) കുറഞ്ഞ നിരക്കിൽ വൈയ്ക്കോൽ

കർഷകർക്ക് എത്തിച്ചു നൽകൽ.

6) ഡയറി ഫാമുകളുടെ യന്ത്രവൽക്കരണത്തിന് ധനസഹായം.

7) ബന്ധപ്പെട്ട വകുപ്പുകളുടെ

ധനസഹായത്തോടെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കറവ പശുക്കളെയും കിടാരികളെയും നൽകുന്ന പദ്ധതി.

| | |
|---|---|
| (ഡി) ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത നേടാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഭാവിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (ഡി) നിലവിലുള്ള പദ്ധതികൾക്ക് പുറമെ കിടാരി വളർത്തലിന് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് ഹീഫർ പാർക്കുകളും കന്നുകുട്ടികളെ ദത്തെടുക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നു. ഇതുകൂടാതെ ക്ഷീരസഹകരണ മേഖലയുടെയും കർഷകരുടെയും സമഗ്ര വികസനം ലക്ഷ്യമിട്ടുള്ള പദ്ധതികളും നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.<br>മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരോല്പാദനത്തിൽ സ്വയം പര്യാപ്തത നേടുവാൻ വേണ്ടി വൈവിധ്യമാർന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ.